# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 715** | **29/05/2019-ൽ മറുപടിയ്ക്ക്**

## കേരള ബാങ്കിന്റെ ഘടന

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി. ഉണ്ണി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരളബാങ്ക് രൂപീകരണം സംബന്ധിച്ച് പഠനം നടത്തുവാൻ ശ്രീറാം കമ്മിറ്റിയെ നിയമിച്ചിരുന്നു. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ഒരു ടാസ്ക് ഫോഴ്സിനെ നിയമിച്ചു. ടാസ്ക്ഫോഴ്സിന്റെ മേൽനോട്ടത്തിൽ റിസർവ്വ് ബാങ്കിന്റെ അനുമതിക്കായി അപേക്ഷിച്ചു.<br>സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ റിസർവ്വ് ബാങ്ക് തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് അപേക്ഷ സമർപ്പിക്കുവാനാണ് റിസർവ്വ് ബാങ്ക് നിർദ്ദേശിച്ചിട്ടുള്ളത്. ടി നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് ജില്ലാ ബാങ്ക് ജനറൽ മാനേജർമാരെ ഉൾപ്പെടുത്തി 15 സബ് കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി.<br>എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും വായ്പ പ്രോഡക്ടുകൾ 01/01/2019 തീയതി മുതൽ ഏകീകരിച്ചു. ജില്ലാ, സംസ്ഥാന സഹകരണ ബാങ്കുകളുടെ സി.എ. ആഡിറ്റ്, മൈഗ്രേഷൻ ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി. |

| | | | |
|---|---|---|---|
| | | | എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽ നിന്നും നടത്തിയിട്ടുള്ള ട്രഷറി നിക്ഷേപങ്ങൾ പിൻവലിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. പുതുതായി ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്.<br>സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും ശമ്പള പരിഷ്കരണ കമ്മിഷനെ നിയമിച്ചു. അനുമതി നല്കിയ അവസരത്തിൽ റിസർവ്വ് ബാങ്ക് മുന്നോട്ട് വച്ച നിബന്ധനകളിൽ ലയനത്തിന് മുൻപ് പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി അപേക്ഷ നബാർഡ് മുഖാന്തിരം റിസർവ്വ് ബാങ്കിന് സമർപ്പിച്ചു.<br>മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം പാസ്സാക്കിയിട്ടുണ്ട്. |
| (ബി) | കേരള ബാങ്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (ബി) | റിസർവ്വ് ബാങ്കിന്റെ അന്തിമ അനുവാദം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | സഹകരണ മേഖലയുടെ ചരിത്രത്തിൽ ഒരു നാഴിക കല്ലായി മാറുന്ന കേരള ബാങ്കിന്റെ ഘടനയും പ്രവർത്തനത്തിന്റെ വിശദാംശവും മികവും വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ ബാങ്കുകളുമാണ് നിർദ്ദിഷ്ട കേരള ബാങ്കിന്റെ അംഗങ്ങൾ. സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ സഹകരണ ബാങ്കുകളുടേയും നിലവിലെ ശാഖകൾ കേരള ബാങ്കിന്റെ ശാഖകളായി മാറുന്നതാണ്. ദേശസാൽകൃത, പുത്തൻ തലമുറ ബാങ്കുകൾ നല്കുന്ന എല്ലാ ആധുനിക സാ ങ്കേതിക സേവനങ്ങളും കേരളബാങ്ക് വഴി കുറഞ്ഞ ചെലവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ